# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-2026

## എം.എച്ച്.എസ്സ്.എസ്സ്

## പുത്തൻകാവ്

# ദിനദർശിനി



ഉപജില്ല – ചെങ്ങന്നൂർ

വിദ്യാഭ്യാസ ജില്ല – മാവേലിക്കര

ജില്ല – ആലപ്പുഴ

**ഉള്ളടക്കം**

1. ആമുഖം
2. സ്കൂൾ ചരിത്രം
3. സ്കൂൾ മികവിൻറെ കാഴ്ചപ്പാട്
4. നിലവിലെ അവസ്ഥാവിശകലനം
5. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി
6. വിഷയ മേഖല – പ്രവർത്തനങ്ങൾ
7. ഉപമേഖല
8. ഉപസംഹാരം

## ആമുഖം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിജയിപ്പിക്കുന്നതിന് വേണ്ടി ഓരോ വിദ്യാലയവും ഗുണമേന്മാ വിദ്യാഭ്യാസം ഒരുക്കുന്നതിനായുള്ള അക്കാദമിക പദ്ധതി തയ്യാറാക്കുന്നു. ഗുണ മേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന ലക്ഷ്യം സാർത്ഥമാകുന്നതിന് വൈവിദ്ധ്യമാർന്ന പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജാതിമത ഭേദചിന്ത കൂടാതെയും സാമ്പത്തികമായ വേർതിരിവില്ലാതെയും ലിംഗ വ്യത്യാസമില്ലാ തെയും സഹവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാനായി എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കി പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുക വഴി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുക, വികസിപ്പിക്കുക എന്നത് മുഖ്യ അജണ്ടയാക്കി വിദ്യാഭ്യാസനയം, ദേശിയ വിദ്യാഭ്യാസനയം, കേരള വിദ്യാഭ്യാസനയം, ദേശീയ വിദ്യാഭ്യാസനയം എന്നിവയുടെ പിൻബലത്തോടെ ഈ അക്കാദമിക പ്ലാൻ തയ്യാറാക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
2. കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുങ്ങാതെ സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുക.
3. വിദ്യാഭ്യാസരംഗത്തെ രണ്ടാംതലമുറ പ്രശ്നങ്ങളായ തുല്യത, അവസരസമത്വം, ഗുണത എന്നിവ ഉറപ്പുവരുത്തുക.
4. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ കുട്ടികളുടെ അവകാശമായ വിദ്യാഭ്യാസ അവകാശനിയമം നിഷ്കർഷിക്കുന്ന സാധ്യായ ദിവസങ്ങൾ (1000 മണിക്കൂർ - 200 ദിനങ്ങൾ) ലഭ്യമാക്കുക.
5. സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ മതനിരപേക്ഷത ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതിക അവബോധം, ലിംഗബോധം, വിമർശനാവബോധം എന്നിവ ഉളവായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.
6. കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിനുവേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. നാട്ടിൽ ലഭ്യമായ വൈദ്ഗദ്യത്തെ കുട്ടികളുടെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് മുതൽ കൂട്ടാക്കുക.
8. ഇതെല്ലാം പ്രയോജനപ്പെടുത്താൻ കഴിയും വിധം സ്കൂൾ പഠനാന്തരീക്ഷത്തേയും പഠന പരിസരത്തേയും മാറ്റിയെടുക്കുക.

9. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ ഉണ്ടോയെന്ന ഉറപ്പുവരുത്തുക.

10. നിലവാരമുള്ള അധ്യാപകപരിശീലനം ഉറപ്പാക്കുക.

11. വിദ്യാഭ്യാസം പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി ഹരിതജീവനം എന്ന ആശയം കുട്ടികളിൽ സ്വാംശീകരിച്ച് പരിസ്ഥിതി പഠനാലയം എന്ന തലത്തിലേയ്ക്ക് വിദ്യാലയത്തെ മാറ്റിയെടുക്കുക.

12. കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക. മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

13. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

14. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത, ലഹരിമുക്ത ക്യാമ്പസ് യാഥാർത്ഥ്യമാക്കുക.

15. സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക.

16. സ്കൂളിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ രൂപപ്പെടുത്തുക.

17. വിദ്യാഭ്യാസത്തിന്റെ സമസ്തതലങ്ങളിലും അന്താരാഷ്ട്ര മാതൃക വികസിപ്പിക്കുക.

18. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.

19. ജീവിതനൈപുണി വികസന പരിപാടികൾ സമഗ്രമാക്കുക.

20. സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവത്കരിക്കുക.

21. കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക.

22. രക്ഷിതാക്കളിൽ ഗുണമേന്മാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കുക.

# സ്കൂൾ ചരിത്രം

പുണ്യ നദിയായ പമ്പയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹയർസെക്കണ്ടറി സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ട് ഏഴ് ദശാബ്ദങ്ങൾ. പുത്തൻ കാവിലും പരിസരങ്ങളിലുമുള്ള ബാലിക ബാലന്മാരുടെ വിദ്യാഭ്യാസ സൗകര്യത്തെ ഉദ്ദേശിച്ച് കാലം ചെയ്ത പുത്തൻ കാവിൽ കൊച്ചുതിരുമേനി (His Grace Gheevarghese Mar Philoxinos) 1948 ജൂലൈ മാസം 1-ാം തീയതി ആരംഭിച്ച വിദ്യാഭ്യാസ മന്ദിരമാണ് മൈത്രാപ്പോലിത്തൻ സ്കൂൾ.

ഇപ്പോൾ ഹൈസ്കൂൾ വിഭാഗത്തിൽ II ഡിവിഷനുകളിലായി 425 ൽ പരം വിദ്യാർത്ഥികളും ഹയർസെക്കൻറി വിഭാഗത്തിൽ 8 ബാച്ചുകളിലുമായി 400 ൽ പരം വിദ്യാർത്ഥികളും വിദ്യാഭ്യാസം നടത്തി വരുന്നു.

ഏഴ് പതിറ്റാണ്ടുകളായി പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ പാദസ്പർശനത്താൽ അനുഗ്രഹിതമായ തിരുമുറ്റത്ത് എത്തുന്നവർക്ക് അക്ഷരദീപത്തിലൂടെ ജീവിത വെളിച്ചം പകർന്നു നൽകികൊണ്ട് ഈ സരസ്വതി ക്ഷേത്രം വിളങ്ങി നിൽക്കുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിന്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
- ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
- പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്വവും ഉറപ്പാക്കുന്ന വിദ്യാലയഅന്തരീക്ഷം ഒരുക്കൽ.
- സ്കൂൾ വിദ്യാഭ്യാസത്തിലൂടെ കടന്നുവരുന്ന കുട്ടികളിൽ മതനിരപേക്ഷതാ ജനാധിപത്യ മൂല്യങ്ങൾ, ഭരണഘടന വിഭവനം ചെയ്യുന്ന മൂല്യങ്ങൾ, പാരിസ്ഥിതിക അവബോധം, ലിംഗാവബോധം, വിമർഷനാവബോധം എന്നിവ ഉളവായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തൽ.

# നിലവിലെ അവസ്ഥാ വിശകലനം

**ഭൗതികം - നേട്ടങ്ങൾ**

പതിനൊന്ന് ഹൈടെക് ക്ലാസ്സ് മുറികൾ ആഫീസ് , കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് റൂം ഓഡിറ്റോറിയം, ഗ്രൗണ്ട് എന്നിവ ഉൾപ്പടെ നവയുഗ കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾകൊണ്ട് സ്കൂളിലും ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു.

**ഭൗതികം - പരിമിതികൾ**

ഭൗതിക സാഹചര്യങ്ങളുടെ വളർച്ചയ്ക്കായി സ്ഥല പരിമിതികൾ ഉള്ളതാണ് സ്കൂൾ നേരിടുന്ന വെല്ലുവിളികളിൽ ഒന്ന്.

**അക്കാദമികം - നേട്ടങ്ങൾ**

എല്ലാ വർഷങ്ങളിലും എസ്.എസ്.എൽ.സി പരീക്ഷയിൽ 100 % വിജയം നിലനിർത്തുന്നു. കുട്ടികൾ കലാകായിക പ്രവ്രത്തനങ്ങൾ നടത്തി നേട്ടങ്ങൾ കൈവരിക്കുന്നു. ശാസ്ത്ര, ഗണിതശാസ്ത്ര സാമൂഹിക ശാസ്ത്രമേളകളിൽ പങ്കെടുക്കുന്നുണ്ട്. പ്രവർത്തിപരിചയമേളയിൽ പങ്കെടുത്ത് സംസ്ഥാനതല നേട്ടങ്ങൾ കൈവരിക്കുന്നു.

**അക്കാദമികം - പരിമിതികൾ**

ലാബോറട്ടറികൾ ആധുനികവൽക്കരിക്കണം. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. പല കുട്ടികളുടെയും വീട്ടിലെ അന്തരീക്ഷം പഠനനിലവാരം ഉയരുന്നതിൽ തടസമാവുന്നു.

**പാഠ്യേതര പ്രവർത്തനങ്ങൾ**

വിവര സാങ്കേതിക വിദ്യയെപ്പറ്റി കൂടുതൽ അറിവ് നേടുന്നതിനും വിദ്യാർത്ഥികളുടെ സ്വതസിദ്ധമായ കഴിവുകൾ ജ്വലിപ്പിക്കുന്നതിനും കേരള സർക്കാർ ഏർപ്പെടുത്തിയ പാഠ്യേതര പ്രവർത്തനമാണ് Little Kites. ഇതിൽ നമ്മുടെ സ്കൂളിലെ 66 കുട്ടികൾ അംഗങ്ങളാണ്. സംസ്ഥാന ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് 2010 കേരളത്തിൽ രൂപം കൊടുത്ത പദ്ധതിയാണ് SPC. കുട്ടികൾക്കായി വിവിധ പരിശീലനപരിപാടി വ്യായാമങ്ങൾ, പരേഡുകൾ എന്നിവയും SPC യിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു. ഇതിൽ നമ്മുടെ സ്കൂളിലെ 132 കുട്ടികൾ അംഗങ്ങളാണ്.

ഭാരത സൈന്യത്തിൻറെ ഒരു സ്കൂൾ തല പ്രസ്ഥാനമാണ് National Cadet Crops. അച്ചടക്കം, നേതൃത്വം, ദേശസ്നേഹം, സാമൂഹ്യസേവനം എന്നിവയിൽ കുട്ടികളെ പരിശീലിപ്പിക്കുക എന്നതാണ് NCC യുടെ ലക്ഷ്യം. ഇതിലെ നമ്മുടെ സ്കൂളിലെ 100 കുട്ടികൾ അംഗങ്ങളാണ്.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

കുട്ടികൾക്ക് ക്ലാസ്സിലും ക്യാമ്പസിലും സങ്കോചമില്ലാതെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ആത്മവിശ്വാസം വളർത്താൻ പ്രാരംഭ ദിനങ്ങളിൽ സ്കൂൾ ടൈംടേബിളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചത് പ്രകാരം ക്ലാസ്സുകൾ നടത്തി.

നിയമം, ബോധം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, പൊതുബോധം, ലഹരിക്കെതിരെയുള്ള അവബോധം,സൈബർ അവബോധം, പൊതുനിരത്തിലെ നിയമങ്ങൾ തുടങ്ങി വിഷയങ്ങളുമായി ബന്ധപ്പെട്ട് ജൂൺ 3 മുതൽ 13 വരെ ഓരോ ദിവസവും ഓരോ മണിക്കൂർ വീതം അധ്യാപകർ ക്ലാസ്സുകൾ എടുത്തു.

- 03/06/2025- "പൊതുകാര്യങ്ങൾ മയക്കുമരുന്ന്/ ലഹരി ഉപയോഗത്തിനെതിരെ- വിമുക്തി ക്ലബ്ബിന്റെ നേതൃത്വത്തിൽ മാത്യൂസ് എബ്രഹാം സാർ ക്ലാസ്സുകൾ എടുത്തു.
- 04/06/2025- "റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ"--> ശ്രീമതി അഞ്ജനാ റബേക്ക റോയി ക്ലാസുകൾ എടുത്തു.
- 05/06/2025- "വ്യക്തി ശുചിത്വം,പരിസര ശുചിത്വം,ഹരിത ക്യാമ്പസ്,സ്കൂൾ സൗന്ദര്യവത്ക്കരണം" Nature club ന്റെ നേതൃത്വത്തിൽ ശ്രീമതി ബിനിമോൾ റ്റി ക്ലാസുകൾ എടുത്തു.
- 09/06/2025- "ആരോഗ്യം, വ്യായാമം,കായിക ക്ഷമത"കായിക അധ്യാപകനായ ശ്രീ കുര്യൻ പി മാമൻ ക്ലാസുകൾ എടുത്തു.
- 10/06/2025- "ഡിജിറ്റൽ അച്ചടക്കം" ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ശ്രീമതി ബീന ഡേവിഡ് ക്ലാസ്സുകൾ എടുത്തു.
- 11/06/2025- "പൊതുമുതൽ സംരക്ഷണം" സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ ശ്രീമതി ആശാ ജോയി ക്ലാസുകൾ എടുത്തു.

12/06/2025- "പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലായ്മ"മോട്ടിവേഷൻ സ്പീക്കർ ശ്രീമതി മെർലിൻ മേരി മാത്യു ക്ലാസുകൾ എടുത്തു.

➢ 13/06/2025- "പൊതു ക്രോഡീകരണം" SRG കൺവീനർ ആയ ശ്രീമതി ലിസ ഡി പൊതു ക്രോഡീകരണം നടത്തി.

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾ സമഗ്രവും ശാസ്ത്രീയവുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻ റെ ഭാഗമായി സമഗ്രഗുണമേന്മ വിദ്യാഭ്യാസം നടപ്പിലാക്കുന്നത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# <u>അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26</u>

## <u>ആരോഗ്യ കായിക വിദ്യാഭ്യാസം</u>

**മേഖല** : ആരോഗ്യകായിക വിദ്യാഭ്യാസം

**ഉദ്ദേശം** : കുട്ടികളിൽ ആരോഗ്യ കായിക ക്ഷമത കൈവരിക്കുക.

: അനുയോജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക

**ഉപമേഖല** : 1. കായിക മേഖല

: 2.ആരോഗ്യ മേഖല

**<u>ആമുഖം</u>**

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായിക ക്ഷമത അനുദിനം കുറഞ്ഞുവന്നു കൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യകായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി, യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തന മന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങലിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും, അനന്തരഫലമായുള്ള, അമിതമേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേത രാജ്യത്തെക്കാളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേത രാജ്യത്തെക്കാളും ജനിതകമായി തന്നെ ഹൃദ്രോഗത്തിന് സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ, ഹൃദ്രോത്തിലൂടെ ജീവിതം പൊലിഞ്ഞുപോയവരുടെ എണ്ണം ക്രമതീതമായി വർദ്ധിക്കുന്നു.

ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പ്രേമഹം എന്ന "**മഹാമാരി**" ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്. 100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനത, മധ്യവയസ്സിനു ശേഷം പിടിപെടുന്ന പ്രേമേഹം (ടൈപ്പ് 2 ) സാധ്യത വളരെ കൂടുതലാണ്.

കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ, കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നതു കൊണ്ടും വ്യായമത്തിന്റെ അഭാവം മൂലമാണ്.

ഇന്ത്യയിൽ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. രാജ്യത്ത് 10 കോടിയിലദികം രോഗികൾ എന്ന് സർവ്വേ ഫലം (ന്യൂഡൽഹി)

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർധിക്കുന്നതായി പഠനം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് - ഇന്ത്യ ഡയബറ്റീസ് (ICMR-INDIAB) നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹമുള്ളതായി കണ്ടെത്തി.13.6 കോടി ആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും, 31.5 കോടി ആളുകൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്. മെറ്റാബോളിക് നോൺകമ്മ്യൂണിറ്റിക്കബിൾ ആയ അസുഖങ്ങൾ (NCD) വ്യാപനം സംബന്ധിച്ച് ഇത്തരത്തിലൊരു പഠനം നടത്തുന്നത് ആദ്യമാണ്. രാജ്യത്തെ തന്നെ ഏറ്റവും വലിയ സർവ്വേകളിൽ ഒന്നാണിത്

25.4 കോടി ആളുകളിൽ പൊണ്ണത്തടി,35.1 കോടി ആളുകളിൽ അടിവയറ്റിലെ പൊണ്ണത്തടി 21.3 കോടി ആളുകൾക്ക് ഉയർന്ന കൊലസ്ട്രോൾ (ഹൈപ്പർ കൊളസ്ട്രോൾ ലീമിയ) 18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടത്തി. ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം, പുതുച്ചേരി, ഗോവ, സിക്കിം, പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പനം പറയുന്നു.

പ്രമേഹ രോഗികളെക്കാളധികം പ്രീ ഡയബറ്റീസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം. ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹരോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്. 2019 ൽ 7.4 കോടി പ്രമേഹരോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ കുതിച്ചുചാട്ടമുണ്ടായത്.

2020 ഓടെ ഇന്ത്യയിൽ 35-40 ലക്ഷം പ്രമേഹരോഗികൾ ഉണ്ടാവും എന്ന് പറഞ്ഞാൽ ലോകത്തലെ പ്രമേഹ രോഗികളിൽ ഓരോ അഞ്ചാമനും ഇന്ത്യക്കാരാനായിരിക്കും. അതിലേക്ക് കേരളത്തിൽ നിന്നുമായിരിക്കും, മറ്റ്

സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലെന്ന് ഡോക്ടേഴ്സ് അസോസിയേഷൻ കണ്ടെത്തിയിരിക്കുന്നു.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 1134043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33 537 പേർ നഗരവാസികളും, 79506 പേർ ഗ്രാമവാസികളുമാണ്. ഇന്ത്യയുടെ വടക്കുഭാഗത്തും, തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്ന പ്രമേഹ കണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. മദ്യഭാഗത്തും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും അസുഖവ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നത്. ദി ലാൻസൈറ്റ് ഡയബറ്റിസ് ആൻഡ് എൻട്രോക്രൈനോളജി എന്ന ജേണലിൽ വ്യാഴാഴ്ചയാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിൻറെ തോത് വളരെ കുറവാണ്.

**ലക്ഷ്യം** : - കായികക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

**പ്രവർത്തനം** : -

- യോഗ
- സൈക്കിൾ
- കിഡ്സ് അത്ലെറ്റിക്സ് ആൻഡ് അത് ലമറ്റിക്സ്
- മേജർ ഗെയിം - ബാസ്കറ്റ് ബോൾ, ഫുഡ് ബോൾ, ഷട്ടിൽ
- മൈനർ ഗെയിംസ്
- എയ്റോബിക്സ്.

**യോഗ** :- 8,9 ക്ലാസിലെ കുട്ടികൾക്ക്, ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ ചെയ്യാൻ നീക്കിവെക്കുന്നു. അത് രാവിലെയാണ് ചെയ്യേണ്ടത്. ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം. 2024 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗക്കായി മാറ്റിവെച്ചിരിക്കുന്നു.

യോഗ പരിശീലന കളരി സംഘടിപ്പിക്കുന്നതിനായി ഒരു ഇൻസ്പെക്ടർ പുറത്തുനിന്ന് 10 ദിവസത്തേക്ക് കാണുന്നു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ 10 ദിവസത്തേക്ക് (500 x 10) | | | 50000 |
| **Total** | | | | **8900** |

**സൈക്കിൾ : -** ജൂൺമാസത്തിൽ എച്ച്.എസ് തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു. ജൂലൈ രണ്ടാം വാരത്തിനു ശേഷം അറിയാത്തവരെ, അറിയുന്നവരുടേയും, അധ്യാപിക / അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾ സവാരി പഠിപ്പിക്കാൻ തുടങ്ങുന്നു. ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്ന കുട്ടികളുടെ സൈക്കിൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു. പുതുതായി നാല് സൈക്കിൾ വാങ്ങാൻ പി.റ്റി.എ യിൽ നിർദ്ദേശം വെക്കുന്നു.

| സൈക്കിൾ പഠനം | | | | |
|---|---|---|---|---|
| **ക്ര.നം** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെ വില** |
| 1 | സൈക്കിൾ | 4500 | 2 | 9000 |
| **Total** | | | | **9000.00** |

## കിഡ്സ് അത്ലറ്റിക്സ്

| കിഡ്സ് അത്ത് ലെറ്റിക്സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| **ക്ര.നം** | **ഉപകരണങ്ങൾ** | **വില** | **എണ്ണം** | **ആകെ വില** |
| 1 | മെഡിസിൻ ബോൾ 1 | 600 | 2 | 1200 |
| 2 | മെഡിസിൻ ബോൾ 2 | 650 | 2 | 1300 |
| 3 | മെഡിസിൻ ബോൾ | 600 | 2 | 1200 |
| 4 | റോപ്പ് ലേഡർ (സ്വകയർ മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |

| | | | | |
|---|---|---|---|---|
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ്പ് ജംപ്പിംഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹഡിൽസ് | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം, 600 ഗ്രാം | 680 | 4 | 2720 |
| **Total** | | | | **15550** |

**മെജർ ഗെയിം**

ഓഗസ്റ്റ്, സെപ്റ്റംബർ, നവംബർ മാസങ്ങളിൽ വിവിധഗെയിമുകൾ പരിശീലിപ്പിക്കുന്നു. പ്രധാനമായി ബാസ്കറ്റ് ബോൾ ഷട്ടിൽ, ഫുഡ്ഗോൾ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്.

**ഫുഡ്ബോൾ**

ഫുട്ബോളിന് ചെറിയ ഗ്രൗണ്ട് മാത്രമേ സ്കൂളിന് സൗകര്യപ്രദമുള്ളത്. പുറമെനിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ട് നിൽക്കുന്ന പരിശീലനപദ്ധതി ആസൂത്രണം ചെയ്തു. ഇതിന്റെ ഫണ്ട്, പങ്കെടുക്കുന്ന കുട്ടികളിൽ നിന്നും, പി.ടി.എ യിൽ നിന്നും മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈമാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിത ഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

| **ഫുട്ബോൾ** | | | | |
|---|---|---|---|---|
| 1 | ഫുട്ബോൾ | 950 | 10 | 9500.00 |
| 2 | ഫുട്ബോൾ പോസ്റ്റ് നെറ്റ് | 875 | 4 | 3500 |
| **Total** | | | | **13,000.00** |

**ഷട്ടിൽ ബാഡ് മിന്റെൺ**

നാളേക്ക് ഇൻഡോർ കോർട്ട് ആവും എന്ന പ്രതീക്ഷയിൽ ഷട്ടിൽബാഡ് മിന്റൺ കോർട്ട് സ്കൂൾ മുറ്റത്ത് പുതുതായി നിർമിച്ചു.

| **മേജർ ഗെയിം ഉപകരണങ്ങൾ** | | | | |
|---|---|---|---|---|
| ക്ര.നം | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | ബാസ്കറ്റ് ബോൾ | 780 | 6 | 4680.00 |
| 2 | ബാസ്കറ്റ് ബോൾ റിംഗ് നെറ്റ് | 250 | 4 | 10000.00 |
| 3 | ഷട്ടിൽ ബാറ്റ് | 620 | 8 | 4960 |
| 4 | ഷട്ടിൽ ബാഡ് മിന്റൺ നെറ്റ് | 490 | 2 | 980 |
| 5 | ഷട്ടിൽ കോക്ക് | 680 | 4 | 2720 |
| 6 | Cones | 60 | 30 | 1800 |
| **Total** | | | | **7480.00** |

**മൈനർ ഗെയിം**

വിവിധ മേജർ ഗെയിമിനോട് അനുബന്ധിച്ചുള്ള മൈനർജിയും കളിപ്പിക്കുന്നു. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും, അല്ലാതെയും, താളാത്മകമായി ഏയ്റോബ്ക്ക് എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു. ഇതിനായി ഒരു ഇൻസട്രകടറെ ചുമതലപ്പെടുത്തുന്നു.

| **സാമ്പത്തിക അവലോകനം** | | |
|---|---|---|
| ക്ര.നം | ഇനങ്ങൾ | തുക |
| 1 | യോഗ | 8900.00 |
| 2 | സൈക്കിൾ | 9000.00 |
| 3 | കിഡ്നി അത്ത് ലറ്റിക്സ് | 155550.0 |
| 4 | ഫുട്ബോൾ | 13000.00 |
| 5 | മേജർ ഗെയിം | 7480.00 |
| **Total** | | 53730.00 |

**NB: Annual Athletic Neet & Sub. Distkt Games, Athletic Revenue Exra**

**ട്രാഫിക്കുനിയമങ്ങൾ ബോധ്യപ്പെടുത്തുന്നു.**

ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്. ലക്ഷ്യങ്ങൾ റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായ്മയാണ്. റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തത് കാരണം പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെ കുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങളെ കുറിച്ച് കുട്ടികൾക്ക് പറയാൻ കഴിയണം. കാൽനടയായും, വാഹനങ്ങളിലും വിദ്യാലയത്തിലെത്തുന്ന കുട്ടികൾ തീർച്ചയായും കാൽനടയാത്രക്കാരും വാഹനയാത്രക്കാരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിഞ്ഞിരിക്കണം. സീബ്ര ലൈൻ അടയാള വിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം. ചെറിയ കളികളിലൂടെ ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിതയാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം.

**പ്രവർത്തനങ്ങൾ**

വാർത്ത, കൊളാഷ് വിശകലനം

സീബ്രാ ലൈൻ - ചിത്ര നിരീക്ഷണം

ട്രാഫിക് വിളക്കുകൾ - വീഡിയോ പ്രദർശനം

ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകൽ

അടയാല വിളക്കുകൾ ചർച്ച

വാഹനം ഓടിക്കാം കളി, തുടങ്ങിയവ.

**മോണിറ്ററിംഗ്**

ആരോഗ്യ കായിക വിദ്യാഭ്യാസത്തിൻറം മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മറ്റിയായി എച്ച്.എം ജനറൽ കൺവീനറായും, കായികാധ്യാപകൻ കൺവീനർ ഒരു പുരുഷഅധ്യാപകൻ രണ്ടു വനിത അധ്യാപികമാർ രണ്ടുപേരും ചേർന്ന് ഏഴ് അംഗ കമ്മിറ്റി രൂപീകരിക്കണം.

| | | |
|---|---|---|
| ജനറൽ കൺവീനർ | - | Sri,Siby Varghese (Headmaster) |
| കൺവീനർ | - | Kurian.P.Mannan (Phy.Edn.Tr H.S) |
| ജോയിന്റ് കൺവീനർ | - | 1. Sri. Alex Varghess |
| അംഗങ്ങൾ | | 2. Smt.JESSYMOL.M.E |
| | | 3. Sri.Mathw Abraham<br>4.Sri.Ajith.K.Cherian |

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും, മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും, ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.

## മേഖല ഹൈസ്കൂൾ - ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷാ ഫലപ്രദമായി എഴുതുവാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഫലപ്രദമായി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദിഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### ക്ലാസ് - എട്ട്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | മാസങ്ങൾ |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ |
| ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതീയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു | ഓഗസ്റ്റ്-സെപ്റ്റംബർ |

| | | |
|---|---|---|
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു | ഡിസംബർ- ജനുവരി |

**<u>ക്ലാസ്സ് - ഒൻപത്</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | മാസങ്ങൾ |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. | ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ – ചെറിയ മുദ്രവാക്യങ്ങൾ എഴുതുവാനറിയുന്നു | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും നാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആശയം തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോൽ നൽ കുന്നു. ചെറിയ കവിതകൾ നൽകി ആസ്വദനക്കുറുപ്പ് അവതരിപ്പിക്കുവാൻ പറയുന്നു. | ഡിസംബർ - നവംബർ |

## ക്ലാസ് - പത്ത്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | മാസങ്ങൾ |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർബോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം നടത്തുമ്പോൾ കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് , സെപ്റ്റംബർ, ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെത്തിരക്കഥയാക്കി മാറ്റുവാനറിയുന്നു. കഥാപാത്രനിരൂപണം, ഡയറി എന്നിവ എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ്തയ്യാറാക്കുവാൻ പറയുന്നു. | നവംബർ - ജനുവരി |

# <u>ഉപമേഖലകൾ</u>

## <u>1.പഠനയാത്ര</u>

**<u>ലക്ഷ്യങ്ങൾ</u>**

- ചരിത്ര അവബോധം സൃഷ്ടിക്കുന്ന സ്ഥലങ്ങളുടെ സന്ദർശനം.
- പ്രകൃതി പഠനം.
- സംസ്കാരങ്ങളെയും ഭാഷകളെയും അടുത്തറിയുക.

**<u>കാലം</u>**

- വർഷത്തിൽ ഒരുതവണ

**<u>ചുമതല</u>**

- സാമൂഹികശാസ്ത്ര ക്ലബ്ബ്

**<u>സാമ്പത്തികം</u>**

- സ്വയം കണ്ടെത്തൽ

## <u>2. സംവാദം/ സെമിനാർ</u>

**<u>|ലക്ഷ്യങ്ങൾ|</u>**

- ആനുകാലിക വിഷയങ്ങളെ സംബന്ധിച്ച് അറിവ് നേടൽ.
- ശാസ്ത്രീയ അടിസ്ഥാനത്തിലുള്ള വിശകലനങ്ങൾ.
- കാലഘട്ടത്തിന്റെ മാറ്റങ്ങളെ ഉൾക്കൊള്ളുക.

**<u>കാലം</u>**

- മാസത്തിൽ ഒന്നു വീതം

**<u>ചുമതല</u>**

- SRG

**<u>സാമ്പത്തികം</u>**

- സ്വയം കണ്ടെത്തൽ

## <u>3. കലാരംഗം</u>

**<u>|ലക്ഷ്യങ്ങൾ|</u>**

- കുട്ടികളുടെ സർഗാത്മക ശേഷി വളർത്തൽ.
- വ്യത്യസ്തമായ അഭിരുചികളെ കണ്ടെത്തിയുള്ള പ്രോത്സാഹനം.

**കാലം**

- മാസത്തിൽ ഒന്ന്

**ചുമതല**

- ക്ലബ്ബ് കൺവീനർമാർ

## 4. പ്രവർത്തി പരിചയം

**|ലക്ഷ്യങ്ങൾ|**

- ക്രിയാത്മകമായ കഴിവുകളുടെ പരിപോഷണം.
- പ്രവർത്തി പരിചയം പരിശീലനം.

**കാലം**

- വർഷത്തിൽ ഒന്ന്

**ചുമതല**

- work experience ചുമതല വഹിക്കുന്ന അധ്യാപകർ.

**സാമ്പത്തികം**

- സ്വയം കണ്ടെത്തൽ

**മേഖല – ഹൈസ്കൂൾ - മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം- കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 2 മാസം, (ആഗസ്റ്റ്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ, അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | | കമ്പ്യൂട്ടർ | |
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരികരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ് , പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘ രചന<br>8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ, പുസ്തകങ്ങൾ | പി.ടി.എ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 10. സാഹിത്യ – സാംസ്കാരിക ചിത്ര ഗ്യാലറി | | | |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം, (ജൂലൈ - ഡിസംബർ ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

**മേഖല – ഹൈസ്കൂൾ - ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കുക. കുട്ടികളിൽ ഇംഗ്ലീഷിൽ വായിക്കാനും എഴുതാനും ആത്മ വിശ്വാസം നൽകാൻ പ്രാപ്തരാക്കുക. | Spoken English Class<br>English club പ്രവർത്തനം<br>English ദിനപത്രം ഓരോ ക്ലാസ്സിലും<br>English ഡയറി എഴുത്ത്<br>English Assembly ആഴ്ചയിൽ ഒരു ദിവസം മാറി മാറി ഓരോ ക്ലാസ്സിലും | അവധിക്കാലം<br>ശനിയാഴ്ചകൾ | പി.ടി.എ, ടീച്ചേര്ഴ്സ് | പി.ടി.എ, മാനേജ്മെന്റ് |
| 2) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Cinema & Documentary – Profile & Script തയ്യാറാക്കുന്നതിനു വേണ്ടി<br>English cinema യുടെ ചിലരംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br><br>Role play, English Day , Seminar | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br><br>അക്കാദമിക വർഷം | ടീച്ചേർസ്, എസ്.ആർ.ജി<br><br>ഇംഗ്ലീഷ് | |

| | | | | |
|---|---|---|---|---|
| | ചർച്ചകൾ പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു. | | അധ്യാപകർ | |
| 3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കു. | School English Voice അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ ചിത്രവായന, ലഘുകഥ നിർമ്മാണം,Public Speaking, Simply Games, English പത്രവായന, പാദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക്കൽ, News reading competitions | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം<br>ക്ലാസ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | പി.ടി.എ, ടീച്ചേർസ്, എസ്.ആർ.ജി<br>പി.ടി.എ, ടീച്ചേർസ് | |
| 4) നാടകീകരണം | English Assembly, Skit, Puppet Show, English Lab<br>Puppet Show, Skit<br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>ശനിയാഴ്ചകൾ, ക്യാമ്പ് | പി.ടി.എ, ടീച്ചേർസ്, എസ്.ആർ.ജി<br>ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ<br>രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| | അവതരിപ്പിക്കുന്നു. | | | |
| 5)കവിതാലാപനത്തിനും കവിതാ രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു.<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദസാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magzine) | ക്ലാസ് പ്രവർ ത്തനങ്ങൾ<br>വെക്കേഷൻ, ശനിയാഴ്ചകൾ<br>വർഷത്തിൽ രണ്ട് പ്രാവശ്യം | പി.ടി.എ, ടീച്ചേർസ്, എസ്.ആർ. ജി<br>പി.ടി.എ, ടീച്ചേർസ്, എസ്.ആർ.ജി<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ്<br>ഇംഗ്ലീഷ് ക്ലബ്ബ്<br>പി.ടി.എ<br>പി.ടി.എ, ടീച്ചേർസ്, എസ്.ആർ. ജി |
| 6) സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.<br>വായന പരിപോഷിപ്പിക്കൽ | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള അഭിമുഖവും വീഡിയേ കോൺഫറൻസ് എന്നിവ നടത്തുന്നു.<br>English feast, English film കാണാനുള്ള അവസരം<br>എല്ലാ ക്ലാസ്സ് മുറികളിലും ഇംഗ്ലീഷ് കോർണറിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണ | വെക്കേഷന് (ഓണം, ക്രിസ്മസ്)<br>അക്കാദമിക വർഷത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒരു | പി.ടി.എ, ടീച്ചേർസ്, എസ്.ആർ. ജി<br>ഇംഗ്ലീഷ് ക്ലബ്ബ് | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | വിതരണം ഉൾക്കൊള്ളുന്നു. | ദിവസം | | |
| 7) സംവാദ സദസുകൾ സംഘടിപ്പിക്കുക<br><br>കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | Native Speakers സുമൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു<br>ഇപ്പോൾ ജീവിച്ചിരിക്കുന്ന English writers, Posts -യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു.<br>പ്രതിമാസം | ശനിയാഴ്ചകൾ, വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ട് തവണ | പി.ടി.എ, ടീച്ചേർസ്, എസ്.ആർ. ജി | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി |
| 8) ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മ ശേഷി വികസനം | നാടകം, സ്കിറ്റ്, സംഭാഷണം തുടങ്ങിയ രീതികൾ<br>ഇംഗ്ലീഷ് news reading<br>ഇംഗ്ലീഷ് സിനിമാ പ്രവർത്തനം | ആഴ്ചയിൽ രണ്ട് ദിവസം | | ഇംഗ്ലീഷ് അധ്യാപകർ |

Learn Math, Live Math, Love Math

**Vision**

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്നപരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

**Mission**

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.
- പഠനം ആസ്വാദ്യകരവും പ്രയോഗികവുമാക്കാൻ അക്കാദമിക്, നോൺ അക്കാദമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.
- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൽ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| ACADEMIC FOCUS | | | | |
|---|---|---|---|---|
| Month | VIII | IX | X | NON ACADEMIC HIGHILIGHTS |
| ജൂൺ | ചതുഷ്ടിയ അവബോധ പരിശോധനയും, പരിഹാര ബോധനവും വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ചതുഷ്ടിയ അവബോധ പരിശോധനയും പരിഹാര ബോധനവും സമവാക്യജോഡികൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിപാര ബോധനം | ചതുഷ്ടിയ ഉവബോധ പരിശോധനയും പരിഹാര ബോധനവും സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week തുടക്കം<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| ജൂലൈ | തുല്യത്രികോണങ്ങൾ, വർഗസാമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | പുതിയ സംഖ്യകൾ, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Maths Talent Test |

| | | | | |
|---|---|---|---|---|
| | | | & പരിഹാര ബോധനം | |
| ഓഗസ്റ്റ് | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & പിറ്റിഎം | ഗുണന സമവാക്യങ്ങൾ അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & പി.റ്റി.എം | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & പി.റ്റി.എം | • ഗണിത ക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ |
| സെപ്റ്റംബർ | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>•Geo Gobra യിൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |
| ഒക്ടോബർ | Vol II പാഠഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | ന്യൂനസംഖ്യകൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | • സബ് ജില്ലാ ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Puzzle Day സംഘടിപ്പിക്കുക (2nd week) |

| | | | | |
|---|---|---|---|---|
| നവംബർ | Vol II പാഠഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | •ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' (Zero)യുടെ പ്രാധാന്യംവിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (with out '0' the world is nothig, write a letter to zero) |
| ഡിസംബർ | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & പി.റ്റി.എം | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & പി.റ്റി.എം | Vol II പാഠഭാഗങ്ങൾ, പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & പി.റ്റി.എം | • ദേശീയ ഗണിത ദിനം (Dec 22) ആഘോഷം |
| ജനുവരി | Vol II പാഠഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| ഫെബ്രുവരി | Vol II പാഠഭാഗങ്ങൾ, ക്ലാസ്സ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & പി.റ്റി.എം | • Pi-ചരിത്രവും പ്രധാന്യവും പ്രോഗ്രാം |
| | | | | |

| | | | | |
|---|---|---|---|---|
| മാർച്ച് | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • എസ്.എൽ.സി വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

## അക്കാദമിക മാസ്റ്റർ പ്ലാൻ - മാനവിക വിഷയങ്ങൾ

**മേഖല : അക്കാദമികം**

**ഉപമേഖല :സാമൂഹ്യ ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തിക |
|---|---|---|---|---|---|
| 1 | സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | • ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>• ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായശേഖരണം, സെമിനാർ മുതലായവ)<br>• പ്രശ്നബാധിതരുമായി അഭിമുഖം, വിദഗ്ധരുമായുള്ള പാരസ്പര്യം | ദീർഘ കാലം | അധ്യാപകർ, രക്ഷിതാക്കൾ | എസ്.എം.സി, പി.റ്റി.എ, പൂർവ്വ വിദ്യാർത്ഥികൾ, നഗരസഭ |
| 2 | ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | • SS Club പ്രവർത്തനങ്ങൾ<br>• ക്ലാസ് തല – സ്കൂൾതല തെരഞ്ഞെടുപ്പ്<br>• സവിശേഷ വിഷയങ്ങളിൽ | യഥാസമയങ്ങളിൽ | അധ്യാപകർ, എസ്. | SMC, PTA |

| | | | | | |
|---|---|---|---|---|---|
| | | ആശയ സംവാദങ്ങൾ | | ആ<br>ർ.ജി<br>ഡിബേ<br>റ്റ് ക്ലബ്ബ് | |
| 3 | വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റാണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക | • മാലിന്യ നിർമ്മാർജന (സ്വച്ഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ<br>• പ്രാദേശിക സർവ്വേ<br>• പതിപ്പുകൾ, ചുമർ, പത്രികകൾ | വർഷം മുഴുവനും | SS Club | SRG, SMC, PTA, NSS units |
| 4 | പ്രാദേശികതലം മുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | • പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br>• മുനിസിപ്പൽ, പഞ്ചായത്ത്, ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ<br>• ചരിത്ര സംഭവങ്ങളുടെ Time – Line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർ, SRG, SS Club | SMC, PTA,പൂർവ്വ വിദ്യാർത്ഥികൾ, നഗരസഭ, ചരിത്ര ഗവേഷകർ, വൈദ്യർ അക്കാദമി |
| 5 | ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക. | • GIS/GPRS സൗകര്യങ്ങളുപയോഗിച്ച് കൃഷിയിടങ്ങൾ, വ്യാവസായ സ്ഥാപനങ്ങൾ എന്നിവയുടെ | ഹ്രസ്വ കാലം | അധ്യാപകർ, SS Club | SITC, JSITC |

| | | | | | |
|---|---|---|---|---|---|
| | | വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം | | | |
| 6 | സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവുകൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹിക ശാസ്ത്ര കോർണർ | • അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ, അറ്റ്ലസ്, ഇയർ ബുക്ക് എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ<br>• ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം | വർഷം മുഴുവനും | അധ്യാപകർ, SS Club | SRG Rs.10,000 |
| 7 | ചരിത്രാബോധമുണ്ടാക്കുന്നതിനും ചരിത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ, രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും പുരാരേഖകളും സൂക്ഷിക്കാനുള്ള മ്യൂസിയം ഒരുക്കൽ | ദീർഘ കാലം | അധ്യാപകർ, SRG, SS Club | SMC, PTA,പൂർവ്വ വിദ്യാർത്ഥികൾ, ഗവേഷകർ, Rs.15,000 |
| 8 | സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്രത്തിനുള്ള വിവിധ പഠനോപകരണങ്ങൾ | നാല് മാസം | അധ്യാപകർ, SS Club | SRG, SMC, PTA, SSA, RMSA |

| | | | | | |
|---|---|---|---|---|---|
| | | പ്രദർസിപ്പിക്കുന്ന ലാബ് (വിവിധ തരം ഗ്ലോബ്, ഭൂപടങ്ങൾ, മാതൃകകൾ, പ്രവർത്തന മാതൃകകൾ, ടെലസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ മുതലായവ) | | | |
| 9 | ആനുകാലിക വിഷയങ്ങളിലേക്ക് തെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ് | • സമകാലിക പ്രസക്തമായ വിഷയങ്ങളിലൂന്നി ആശയപരമായ സംവാദങ്ങൾ, ചർച്ച, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ<br>• പ്രദേശത്തിന്റെ വിവിധ കോർണറുകളിലും ഇത്തരം പരിപാടികൾ | മാസം രണ്ട് | ഡിബേറ്റ് ക്ലബ്ബ് | SRG,അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ |
| 10 | ഇന്ത്യയുടെ സാംസ്കാരികമായ വൈവിദ്യം തിരിച്ചരിയാനും ദേശിയ ബോധം ഉറപ്പിക്കാനും ദേശിയോദ്ഗ്രഥന ക്യാമ്പ് | • വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരവരുടെ പ്രാദേശികമായ വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുക.<br>• സാധ്യമെങ്കിൽ മറ്റു | വർഷം ഒന്ന് | അധ്യാപകർ, SRG | SRG, അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ, Nehru Yuva Kendra Rs. 10,000 |

| | | | | | |
|---|---|---|---|---|---|
| | | സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘത്തിന്റെ സ്കൂൾ സന്ദർശനം | | | |
| 11 | പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കലും ഉറപ്പിക്കലും | • ചരിത്ര – സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം<br>• കൊണ്ടോട്ടി വൈദ്യർ അക്കാദമി, കടക്കല്ല്, ചാലിയാർ തീരങ്ങൾ, കടലുണ്ടി അഴിമുഖം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, PSMO COLLEGE ശേഷിപ്പുകൾ, വലിയതോട് സ്രോതസ്സ് മുതൽ പതനസ്ഥലം വരെ പഠനയാത്രകൾ<br>• ചരിത്രം രേഖപ്പെടുത്തി റെഫറൻസിനായി സൂക്ഷിക്കൽ | വർഷം മുന്നെണ്ണം | അധ്യാപകർ, SRG,SS Club | SMC, PTARs. 25,000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ- ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തിക |
|---|---|---|---|---|---|
| 1 | എല്ലാകുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക. | • പ്രീ-ടെസ്റ്റ് ചോദ്യനിർമ്മാണം<br>• പരിഹാരബോധനത്തിനായി പഠനഗ്രൂപിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം<br>• ആശയ ധാരണകൾ ഉറപ്പിക്കൽ<br>• പഠനപിന്നോക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ / ഒഴിവുദിന വിനിമയം | ജൂൺ<br>ജൂലൈ | ശാസ്ത്രാധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | • സയൻസ് ക്ലബ്ബ് രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>• സയൻസ് ബുള്ളറ്റിൻ ബോർഡിന്റെ കാര്യക്ഷമമായ ഉപയോഗം | ജൂൺ,<br>യഥാസമയങ്ങളിൽ | അധ്യാപക-ർ,<br>SRG,<br>സയൻസ് ക്ലബ്ബ് | SMC, PTA<br>RS. 5000 |

| | | | | | |
|---|---|---|---|---|---|
| | | • സഹവാസ ക്യാമ്പ് (വിവിധങ്ങളായ ശാസ്ത്ര ക്ലാസ്സുകൾ, നിർമ്മാണം) | | | |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | • വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>• ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>• ക്ലാസ്സുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന mobile lab kit | ആദ്യ ടേം | ശാസ്ത്രാധ്യാപകർ, SSC | SSA, RMSA, SRG, SMC, PTA നഗരസഭ<br>Rs.30000 |
| 4 | അന്യമായി കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ ക്യാമ്പസിൽ പഴം-പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം<br>• ജൈവവൈവിധ്യ പാർക്ക്<br>• ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി | ഒരു വർഷം | ശാസ്ത്രാധ്യാപകർ | കൃഷിഭവൻ, കർഷകർ, SMC, PTA |

| | | | | | |
|---|---|---|---|---|---|
| | | തന്നെ പാഠ പുസ്തകം' ആയി മാറുന്നു. | | | |
| 5 | മാലിന്യമപക്ത – ആരോഗ്യ – ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | • പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ് (ഫാസ്റ്റ് ഫുഡ്)<br>• വിവിധ ഡിവിഷനുകളിൽ / വാർഡുകളിൽ ആരോഗ്യ സർവേ | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാ-പകർ | ആരോഗ്യ-വകുപ്പ്, മുനിസിപ്പാലിറ്റി , ICDS |
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി മനസ്സിലാക്കാനും ശാസ്ത്രോത്സവം | • സ്കൂൾ ശാസ്ത്ര മേള<br>• സ്കൂളിൽ ഒരു അനാട്ടമി പാർക്ക് (മനുഷ്യ അവയവ വ്യവസ്ഥകൾ)<br>• ശാസ്ത്രോപകരണ നിർമ്മാണ ശിൽപശാല<br>• ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം<br>• ശാസ്ത്ര ക്വിസ്, ശാസ്ത്ര മാജിക് (കൗതുകകരമായ പരീക്ഷണങ്ങൾ)<br>• ബയോഗ്യാസ് പ്ലാന്റ് | ആദ്യ ടേം ഹ്രസ്വകാലം | ശാസ്ത്രാധ്യാ-പകർ | നഗരസഭ, SMC, PTA Rs.10,000 |

| | | | | | |
|---|---|---|---|---|---|
| 7 | പ്രയാസമേറിയ ശാസ്ത്രപാഠഭഗങ്ങൾ മനസ്സിലാക്കാനുതകുന്ന വർക്ക് ഷീറ്റുകൾ തയ്യാറാക്കൽ | • ഭന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>• സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | ജൂലൈ | ശാസ്ത്രാധ്യാപകർ | വിഷയ സമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരതയുണർത്താനും | • ശാസ്ത്ര ദിനാചരണങ്ങൾ മുൻ കൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക.<br>• സ്പെസിമെൻ ശേഖരണം / നിർ മാണം<br>• ശാസ്ത്രപതിപ്പുകൾ, കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ<br>• ശാസ്ത്ര പഠനയാത്രകൾ (ISRO,CUSAT, കാർഷിക സർ വ്വകലാശാലാ കേന്ദ്രങ്ങൽ, പ്ലാനറ്റേറിയം, അക്വാറിയം, Biodiversity പാർക്കുകൾ) | യഥാസമയങ്ങളിൽ | ശാസ്ത്രാധ്യാപകർ | SMC, PTA, SSA, RMSA,DIET Rs. 25,000 |
| 9 | ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യങ്ങളും ഉൾക്കൊണ്ടു കൊണ്ട് ശാസ്ത്രീയ രീതിയിലുള്ള | • വാനനിരീക്ഷണവും ക്ലാസ്സും<br>• ജ്യോതിശാസ്ത്ര സമസ്യകൾക്ക് ഉത്തരം ലഭിക്കുന്ന തരം പഠന | ഡിസംബർ - ജനുവരി | ശാസ്ത്രധ്യാപകർ | മുനിസിപ്പൽ ശാസ്ത്ര കേന്ദ്രം SMC, PTA |

| | | | | | |
|---|---|---|---|---|---|
| | കുട്ടിയുടെ വികാസം | പ്രവർത്തനങ്ങൾ | | | |
| 10 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | • പ്രതിഭകൾക്ക് പ്രത്യേക പരിശീലനം (ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു.)<br>• ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പാരസ്പര്യവും<br>• വ്യവസായ ശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർ ശിക്കൽ, സ്കോളർഷിപ്പ് പരീക്ഷകൾക്ക് (NMMS,USS) പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാധ്യാപകർ | SRG RS.6,000 |
| 11 | ശാസ്ത്രപഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ ( ഐ.സി.ടി സാധ്യതകൾ) | • പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | എല്ലായ്പ്പോഴും | ശാസ്ത്രാധ്യാപകർ | SITC, JSITC KITE (IT@School) SCERT |